"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പാലക്കാട് ജില്ല- കരിമ്പ ഗ്രാമപഞ്ചായത്ത്- 2009-10 & 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് - ഖണ്ഡിക 3-9 -തടസ്സപ്പെടുത്തിയ തുക-സാധുകരണം - ഉത്തരവ് -പുറപ്പെടുവിക്കുന്നു.

തദ്ദേശ സ്വയംഭരണ(എബി) വകുപ്പ്

സ.ഉ.(സാധാ) നം.415/2023/LSGD തീയതി,തിരുവനന്തപുരം, 16-02-2023

പരാമർശം:- 1. പഞ്ചായത്ത് ഡയറക്ടറുടെ 11.05.2015 ലെ എം3-13003/15 നമ്പർ കത്ത്.

2. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 04.09.2015 ലെ എൽ.എഫ്.7575/പി.റ്റി.2/2015 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്ത് 2009-10 വർഷത്തിൽ പദ്ധതി ഫണ്ടിൽ നിന്നും ഹൈസ്കൂൾ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിക്കായി ചെലവഴിച്ച 10000/- രൂപയും 2010-11 -ൽ എസ്.എസ്.എൽ.സി & ഹയർ സെക്കന്ററി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി പ്ലാൻ ഫണ്ടിൽ നിന്നും ആവിഷ്ക്കരിച്ച പദ്ധതിക്കായി ചെലവഴിച്ച 30000/- രൂപയും ചേർത്ത് ആകെ 40,000/- രൂപയുടെ ചെലവാണ് ഓഡിറ്റിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്. ഹൈസ്കൂൾ/ഹയർ സെക്കന്ററി സ്കുൾ എന്നിവയിലെ പഠന നിലവാരം ഉയർത്തുക എന്നത് ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെട്ടതല്ലാത്തതിനാലാണ് ടി തുകകൾ ഓഡിറ്റ് റിപ്പോർട്ടിൽ തടസ്സപ്പെടുത്തിയിട്ടുള്ളത്

2. കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 24/05/2014-ൽ ചേർന്ന ഭരണസമിതി യോഗം ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്തിരുന്നു.എസ്.എസ്.എൽ.സി / ഹയർ സെക്കന്ററി വിജയശതമാനം ഉയർത്തുന്നതിനായി ജില്ലാ പഞ്ചായത്തിന്റെ നിർദ്ദേശാനുസരണം തയ്യാറാക്കി ഡി.പി.സി.യുടെ അംഗീകാരം വാങ്ങിയാണ് ടി തുക ചെലവഴിച്ചതെന്ന് ഭരണസമിതി യോഗം വിലയിരുത്തി. കരിമ്പ ഗ്രാമപഞ്ചായത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ളതും പഞ്ചായത്തിലെ തന്നെ സാധാരണക്കാരും ദരിദ്രരുമായ ഭൂരിഭാഗം കുട്ടികളും പഠിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുമായി സ്ക്കൂൾ സമയത്തിനുശേഷവും അധികക്ലാസ് നല്കുന്നതിനും അതിൽ പങ്കെടുക്കുന്നവർക്ക് അത്യാവശ്യമായ ഭക്ഷണം നല്കുന്നതിനുമായാണ് തുക ചെലവഴിച്ചത് .ഹൈസ്കൂൾ

അധികൃതരുടെയും അധ്യാപക രക്ഷാകർത്തൃ സമിതിയുടെയും അഭ്യർത്ഥന മാനിച്ചും ഗ്രാമസഭയിൽ അംഗീകാരം നേടിയുമാണ് പദ്ധതി നടപ്പിലാക്കിയതെന്നും പഠന നിലവാരവും വിജയശതമാനവും ഉയർത്തുക എന്ന ലക്ഷ്യം കൈവരിച്ചതിനാലും ഓഡിറ്റ് പരാമർശത്തിന്മേൽ സാധൂകരണത്തിന് അപേക്ഷിക്കാൻ കരിമ്പ ഗ്രാമപഞ്ചായത്ത് ഭരണ സമിതി യോഗം തീരുമാനിച്ചു. ഭരണ സമിതിയുടെ തീരുമാനവും, ഓഡിറ്റ് തടസ്സവും 09/12/2014 - ൽ ചേർന്ന പാലക്കാട് ജില്ല ഓഡിറ്റ് മോണിറ്ററിംഗ് സമിതി ചർച്ച ചെയ്തിട്ടുള്ളതും സർക്കാർ സാധൂകരണത്തിനായി ശുപാർശ ചെയ്തിട്ടുള്ളതുമാണെന്നും മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന് സാധൂകരണം നൽകണമെന്നും പഞ്ചായത്ത് ഡയറക്ടർ പരാമർശം (1) പ്രകാരം സർക്കാരിൽ ശിപാർശ ചെയ്തിട്ടുണ്ട്.

. 3.ഹൈസ്ക്കൂൾ അധികൃതരുടെയും രക്ഷകർത്താസമിതിയുടെയും അപേക്ഷ കണക്കിലെടുത്തു ഗ്രാമസഭ അംഗീകരിച്ച ഈ പദ്ധതി നടപ്പിലാക്കുക വഴി പഠനനിലവാരവും വിജയശതമാനവും ഉയർത്തുക എന്ന ലക്ഷ്യം കൈവരിച്ചിട്ടുണ്ടെന്നും എന്നിരുന്നാലും ഭാവിയിൽ ഇത്തരം നടപടികൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കുന്നതാണെന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനവും പാലക്കാട് ജില്ലാതല ആഡിറ്റ് മോണിറ്ററിംഗ് സമിതിയുടെ അനുകൂല ശിപാർശയും പരിഗണിച്ചു ഗ്രാമപഞ്ചായത്തിന്റെ ചുമതലയിൽപ്പെടാത്ത കാര്യങ്ങൾക്ക് തുക ചെലവഴിച്ചത് സാധൂകരിയ്ക്കുന്നതിനും ക്രമീകരിയ്ക്കുന്നതിനും എതിരഭിപ്രായമില്ലെന്ന് സംസ്ഥാന ആഡിറ്റ് ഡയറക്ടർ പരാമർശം (2) പ്രകാരം സർക്കാരിൽ അറിയിച്ചിട്ടുണ്ട്.

4.സർക്കാർ മേൽ വസ്തുതകൾ വിശദമായി പരിശോധിച്ചു. പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപ്പഞ്ചായത്തിന്റെ ഭരണ സമിതി യോഗ തീരുമാനം/ പാലക്കാട് ജില്ലാതല ഓഡിറ്റ് മോണിറ്ററിങ് സമിതി,പഞ്ചായത്ത് ഡയറക്ടർ,സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ എന്നിവരുടെ അനുകൂല ശിപാർശകൾ പരിഗണിച്ചും കരിമ്പ ഗ്രാമപഞ്ചായത്തിലെ സർക്കാർ ഉടമസ്ഥതയിലുള്ളതും പഞ്ചായത്തിലെ തന്നെ സാധാരണക്കാരും ദരിദ്രരുമായ ഭൂരിഭാഗം കുട്ടികളും പഠിക്കുന്ന സ്കൂളിലെ വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുന്നതിനും വിജയശതമാനം വർദ്ധിപ്പിക്കുന്നതിനുമായാണ് മേൽ പദ്ധതി ആവിഷ്കരിച്ചതെന്നത് കണക്കിലെടുത്തും ഭാവിയിൽ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും ആയത് നടപ്പിലാക്കുമ്പോഴും മാർഗരേഖ ലംഘനങ്ങൾ ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണമെന്ന ഉപാധിയോടെ, പാലക്കാട് ജില്ലയിലെ കരിമ്പ ഗ്രാമപഞ്ചായത്തിന്റെ 2009-10 & 2010-11 വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക 3-9 പ്രകാരം തടസ്സപ്പെടുത്തിയ, 2009-10 വർഷത്തിൽ പദ്ധതി ഫണ്ടിൽ നിന്നും ഹൈസ്കൂൾ പഠന നിലവാരം മെച്ചപ്പെടുത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിക്കായി ചെലവഴിച്ച 10000/- രൂപയും 2010-11 -ൽ പ്ലാൻ ഫണ്ടിൽ നിന്നും എസ്.എസ്.എൽ.സി & ഹയർ

സെക്കന്ററി വിദ്യാർത്ഥികളുടെ പഠനനിലവാരം ഉയർത്തുന്നതിനായി ആവിഷ്ക്കരിച്ച പദ്ധതിക്കായി ചെലവഴിച്ച 30000/- രൂപയും ചേർത്ത് , ആകെ 40,000/- രൂപയുടെ (നാൽപ്പതിനായിരം രൂപ മാത്രം) ചെലവിനു സാധൂകരണം നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHEEJA.R.S.
ജോയിന്റ് സെക്രട്ടറി

ഡയറക്ടർ, കേരളം സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ് (റൂറൽ), തിരുവനന്തപുരം
ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ ഓഡിറ്റ് വകുപ്പ്, പാലക്കാട്.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്.
സെക്രട്ടറി, കരിമ്പ ഗ്രാമ പഞ്ചായത്ത്, പാലക്കാട്.
അക്കൗണ്ടന്റ് ജനറൽ (എ & ഇ /ഓഡിറ്റ്) തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
(സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന് വേണ്ടി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ